# BOOKMARK

GHSS Pandikkad



# മോഹക്കൊട്ടാരം

മഹീലഷെറിൻ

മുറ്റത്തെ മാവിൻചുവട്ടിലൂടെയൂ
ഞ്ഞാലാടി ഉയർന്നീടേണം
ആടിഉയരുമ്പോൾ ചില്ലക്കിടയിലെ
തേൻചാറുമൊത്തിക്കുടിച്ചിടേണം
എന്നെയും തള്ളിയാകള്ള
കാറ്റിനൊപ്പം ചില്ലക്കിട
യിലൂടെ ഉയർന്നിടേണം
ഉയർന്നുയർന്നു പോയീടുമ്പോൾ
മാലാഖമാരൊത്ത് കളിച്ചിടേണം
മാനത്തെ മാലാഖമാരൊത്ത്
വെള്ളക്കിടാങ്ങളെ മേച്ചീടണം
മുറ്റത്തെ ഊഞ്ഞാലിലാടിയാടി
മാനത്തെ കൗതുകമേറെയറിഞ്ഞിടേണം
ആടി ഉയരുന്തോറുമറിഞ്ഞിടേണം

# കുസൃതിക്കാറ്റ്....

ജഹാനഷെറിൻ

അമ്മ അടിച്ചുവാരിവെച്ച ചപ്പു ചവറുമെല്ലാം
ഊതിപ്പറത്തീട്ട് മറഞ്ഞുപോയ കാറ്റേ
ഉമ്മറത്തിണ്ണയിൽ വെച്ച പാത്രങ്ങളെല്ലാം
താഴേക്കിട്ടുപോയ കുസൃതിക്കാറ്റേ.......
വില്ലത്തരങ്ങൾ കാട്ടി നീ എങ്ങു
മറഞ്ഞുപോകുന്നു........
വമ്പൻകാറ്റേ ...ഓടിപോകുന്ന
തെങ്ങോട്ടാ ? കുസൃതിക്കാറ്റേ...

# ഉടപ്പിറപ്പുകൾ

നൗറ

ഇളം കാറ്റ് അവളുടെ ശിരസ്സിൽ തലോടിയപ്പോഴും വേദനമറച്ചു വെക്കാൻ അവൾക്ക് കഴിഞ്ഞില്ല. അമ്മയുടേയുംഅച്ഛന്റേയും മരണം അവളെ അപ്പോഴേക്കും തീരാദുഖത്തിലാഴ്ത്തിയിരുന്നു..

നേരം ഇരുട്ടി.....ആകാശത്തു നിന്ന് അവളുടെ കണ്ണുനീർ പോലെ മഴപെയ്തുകൊണ്ടിരുന്നു..അവൾക്ക് ഒരു ലക്ഷ്യവുമുണ്ടായിരുന്നില്ല.....കീറിയതും മുഷിഞ്ഞതുമായ വസ്ത്രം ധരിച്ച അവൾ പലർക്കും പരിഹാസപാത്രമായി....ആ കുഞ്ഞു മനസ്സ് വളരെയേറെ വേദനിച്ചു....അമ്മയുടെ താരാട്ടുപാട്ടില്ലാതെ സ്നേഹമില്ലാതെ ഉറക്കം നഷ്ടപ്പെട്ടു....

പിറ്റേന്നും പതിവുപോലെ സൂര്യനുദിച്ചു....അവൾ എങ്ങോട്ടെന്നില്ലാതെ നടന്നു തുടങ്ങി....യാചിച്ചു കിട്ടിയ ചെറിയ തുക കൊണ്ട് കടയിൽ കയറുമ്പോൾ ആളുകൾ പലതും പറയാൻ തുടങ്ങി..”എവിടന്ന് കെട്ടെടുത്തതാണാവോ...നാശം.....” ഹോട്ടലുടമ "പീടികയാകെ വൃത്തികേടാക്കാൻ വന്ന ജന്തു" എന്ന് പറഞ്ഞ് അവളെ ആട്ടിയകറ്റി....ഇതൊക്കെ കേട്ടിട്ടും കണ്ണീർ വാർക്കാനേ അവൾക്കായുള്ളൂ....കാലം കഴിയും തോറും ആരെങ്കിലുമൊരാൾ തന്റെ തുണക്കെത്തുമെന്ന ചിന്തയോടെ അവളെങ്ങിനെയൊക്കെയോ കഴിച്ചു കൂട്ടി...

അങ്ങിനെയിരിക്കെ ഒരുദിവസം മാന്യനായ ഒരാൾ അവളെ അനാഥശാലയിലെത്തിച്ചു....കൂട്ടുകാർ, ചേച്ചിമാർ, സംരക്ഷകർ .........എല്ലാം പുതിയ അനുഭവങ്ങൾ.....പഠിപ്പിൽ മികവു കാണിച്ച അവൾക്ക് ഒടുവിൽ ജോലിയും നേടാനായി.....ജീവിതത്തിൽ ഒറ്റപ്പെടുന്നവരെ സഹായിക്കണമെന്ന ദൃഢനിശ്ചയം അവളുടെ മനസ്സിൽ അലയടിച്ചാർത്തിരമ്പി.....

നൗറ....